# 'വിശ്വാസത്തിന്റെ പ്രവൃത്തി'

മർക്കോസ് 10:50

''അവൻ തന്റെ പുതപ്പ് ഇട്ടും കളഞ്ഞ് ചാടിയെഴുന്നേറ്റ് യേശുവിന്റെ അടുക്കൽ വന്നു.''

യേശു യെരിഹൊവിൽ നിന്ന് ശിഷ്യന്മാരോടും വലിയ പുരുഷാരത്തോടും കൂടെ പുറപ്പെടുമ്പോൾ ഉണ്ടായ സംഭവമാണ് ഈ വേദഭാഗം. അപ്പോൾ ഒരു കുരുടൻ വഴിയരികെ ഇരിക്കുന്നുണ്ടായിരുന്നു. യേശുവാണ് സമീപത്തു കൂടി നടന്ന് നീങ്ങുന്നത് എന്ന് പുരുഷാരത്തിന്റെ സംസാരത്തിലൂടെയാവാം അവൻ മനസ്സിലാക്കിയത്. തുടർന്ന് നാം വായിക്കുമ്പോൾ അവൻ അത്യുച്ചത്തിൽ യേശുവിനോട് നിലവിളിക്കുന്നതായി കാണാം. പലരും അവനെ മിണ്ടരുത് എന്ന് പറഞ്ഞ് ശാസിച്ചു എങ്കിലും അത് വകവെക്കാതെ അവൻ നിലവിളിച്ചു.

ഈ നിലവിളിയിൽ നിന്ന് നമുക്ക് മനസ്സിലാക്കാവുന്നതെന്താണ്? ഇതൊരു വിശ്വാസത്തിന്റെ പ്രവൃത്തിയായി കാണാം. നമ്മുടെയും ജീവിതത്തിൽ പലവിധത്തിൽ ഉള്ള തടസ്സങ്ങൾ നമ്മുടെ വിശ്വാസ ജീവിതത്തിൽ ഉണ്ടാവാം. കൂട്ടുകാരിൽ നിന്നോ, സഹപ്രവർത്തകരിൽ നിന്നോ സ്വന്തം കുടുംബത്തിൽ നിന്നോ ഒക്കെ നമ്മുടെ വിശ്വാസത്തെ പലരും ചോദ്യം ചെയ്യുന്നുണ്ടാവാം. എന്നാൽ അതൊന്നും വകവെക്കാതെ നമ്മുടെ കർത്താവിനെ മുറുകെ പിടിക്കുവാൻ സാധിക്കണം. ആ കുരുടന്റെ നിലവിളി നമ്മുടെ ആരാധനയും സ്തുതികളുമായി മാറട്ടെ. ഏതു പ്രശ്നത്തിന്റെ മുമ്പിലും നമ്മുടെ വായ തുറന്ന് നമുക്ക് കർത്താവിനെ പാടി സ്തുതിക്കാൻ, വിളിച്ചപേക്ഷിക്കാൻ സാധിക്കട്ടെ.

നമ്മുടെ ദൈവം ആരാധനയിൽ വിടുതൽ തരുന്നവനാണെന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ. നിശ്ചയമായും തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും കൊടുക്കുവാൻ അവിടുന്ന് മതിയായവനാണ്. അവിടെ മതമോ, ജാതിയോ, വർണ്ണ വർഗ്ഗ വ്യത്യാസമോ ഒന്നും തന്നെയില്ല. ആ കുരുടനെ പലരും മിണ്ടരുത് എന്ന് പറഞ്ഞ് വിലക്കിയപ്പോൾ അവന് അടങ്ങിയിരിക്കാമായിരുന്നു. എന്നാൽ അവനതിന് തയ്യാറായില്ല. കൂടുതൽ അത്യുച്ചത്തിൽ നിലവിളിക്കുകയാണ് ഉണ്ടായത്. ഇപ്രകാരം നമ്മുടെ വിശ്വാസ ജീവിതത്തിൽ ദൈവത്തിൽ നിന്നും നമ്മെ അകറ്റി കളയുന്ന വേദനയോ, മാനസിക ബുദ്ധിമുട്ടുകളോ, ജീവിത ഭാരങ്ങളോ, നിന്ദയോ, പരിഹാസമോ എന്തു തന്നെ ആയാലും അതെല്ലാം കർത്താവിന്റെ

പാദപീഠത്തിലേക്ക് ഇട്ടു കൊടുത്തു കൊണ്ട് നമുക്ക് അവിടുത്തെ നാമത്തെ വിളിച്ച പേക്ഷിക്കാം. പൂർണ്ണ ഹൃദയത്തോടെ അവിടുത്തെ ആരാധിക്കാം.

ഈ വേദഭാഗം തുടർന്നു വായിക്കുമ്പോൾ കുരുടന്റെ നിലവിളി കേട്ട് കർത്താവ് അവനെ വിളിക്കുകയും അപ്പോൾ തന്റെ പുതപ്പ് ഇട്ടും കളഞ്ഞ് കർത്താവിന്റെ അടുക്കൽ വരുന്ന കുരുടനായ വ്യക്തിയെ നമുക്ക് കാണാൻ കഴിയും. അന്നുവരെ അവന്റെ സന്തത സഹചാരി യായിരിക്കണം ആ പുതപ്പ്. ഇനി ഇതിന്റെ ആവശ്യം തനിക്കില്ല. താൻ സൗഖ്യമാകാൻ പോകുന്നു എന്ന ഉറച്ച വിശ്വാസം അവനിലുണ്ടായിരുന്നു. കർത്താവിന്റെ അടുക്കൽ വന്ന കുരുടന്റെ വിശ്വാസത്തിന്റെ ആഴം മനസ്സിലാക്കിയ കർത്താവ് അവന് സൗഖ്യം കൊടുക്കുന്നതായി കാണാൻ കഴിയും. ഈ സൗഖ്യം കിട്ടിയ കുരുടൻ പിന്നീട് കർത്താവിനെ പിൻഗമിക്കുന്നതായും വായിക്കുവാൻ സാധിക്കുന്നു. ഇവിടെ വിശ്വാസ ത്തിന്റെ പ്രവൃത്തിയാണ് എല്ലാം വിട്ട് കർത്താവിനെ അനുഗമിക്കുന്ന കുരുടന്റെ ജീവിത ത്തിലൂടെ കാണുന്നത്.

നമ്മുടെ ജീവിതത്തിലും ഏതെങ്കിലും തരത്തിലുള്ള സ്വാർത്ഥതാല്പര്യങ്ങളോ, ഇഷ്ടങ്ങളോ ദൈവഹിതമല്ലാത്തതായ കാര്യങ്ങളോ ഉണ്ടോ എന്ന് നമുക്ക് പരിശോധിക്കാം. ഉണ്ടെങ്കിൽ ഇപ്പോൾ തന്നെ അതെല്ലാം വിട്ടുകളഞ്ഞ് പൂർണ്ണമായി കർത്താവിനെ മാത്രം മുറുകെ പിടിക്കാം, പിൻഗമിക്കാം. നമുക്കുള്ളതെല്ലാം ദൈവം തന്ന ദാനമാകയാൽ ആ സൃഷ്ടാവിനെ മാത്രം നോക്കി ജീവിക്കാം. വിശ്വാസത്തിന്റെ പ്രവൃത്തിയെക്കുറിച്ച് ചിന്തി ക്കുമ്പോൾ അബ്രഹാം നമുക്ക് ഉത്തമമായ മാതൃകയാണ്.

നമ്മുടെ പൂർവ്വ പിതാവായ അബ്രഹാം തന്റെ മകനായ യിസഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചിട്ട് വിശ്വാസത്താൽ നീതീകരിക്കപ്പെട്ടതുപോലെ നമ്മുടെയും പ്രവർത്തിയാൽ വിശ്വാസം പൂർണ്ണമാകാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

എബ്രായർ 11:6

എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും, തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ.

അശ്വതി ബിനു ഏറ്റുമാനൂർ 05